**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 529** **20-03-2023 - ൽ മറുപടിയ്ക്ക്**

**ഗുണഭോക്താക്കളല്ലാത്തവർ ധനസഹായം കൈപ്പറ്റിയതായ ആക്ഷേപം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമ പദ്ധതികൾക്കായുള്ള ധനസഹായം ഗുണഭോക്താക്കളല്ലാത്തവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് മാറ്റി തിരിമറിനടത്തുന്ന സംഭവങ്ങൾ ആവർത്തിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | തിരുവനന്തപുരം കോർപ്പറേഷനിൽ നിന്ന് ഏതാണ്ട് ഒരു കോടിയിലധികം രൂപ ഇപ്രകാരം വക മാറ്റിയതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോയെന്നും പ്രസ്തുത അന്വേഷണം പൂർത്തിയാക്കിയതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോയെന്നും കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ നടന്ന സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട വകുപ്പുതല ഓഡിറ്റ് പരിശോധനയിൽ, ഒരേ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിരവധി തവണ തുക മാറി നൽകിയതായും, ഗുണഭോക്താവ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ട് നമ്പർ പരിഗണിക്കാതെ മറ്റ് അക്കൗണ്ട് നമ്പറുകളിലേയ്ക്ക് ആനുകൂല്യ തുക മാറി നൽകിയതായും കണ്ടെത്തിയതിനെ തുടർന്ന് കുറ്റാരോപിതരായ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും രണ്ട് പ്രൊമോട്ടർമാരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുകയും ടി ഉദ്യോഗസ്ഥർക്കെതിരെ കുറ്റാരോപണ പത്രിക നല്കി വകുപ്പുതല അച്ചടക്ക നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വകുപ്പുതല അച്ചടക്ക നടപടിയുടെ ഭാഗമായി വകുപ്പ് ദക്ഷിണ മേഖല ഡെപ്യൂട്ടി ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചുത്തരവാകുകയും, വകുപ്പുതല അച്ചടക്ക നടപടികൾ തുടർന്ന് വരുകയും ചെയ്യുന്നു.<br><br>വിജിലൻസ് ആൻറ് ആൻറി കറപ്ഷൻ ബ്യൂറോ മുഖേന തുടരന്വേഷണം നടത്താൻ സർക്കാർ ഉത്തരവായതിൻെറ അടിസ്ഥാനത്തിൽ, തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിരുന്ന പട്ടികജാതി വികസന |

| | | | |
|---|---|---|---|
| | | | വകുപ്പിലെ ഫണ്ട് തിരിമറിയുമായി ബന്ധപ്പെട്ട ക്രൈം നമ്പർ 240/2021 കേസിന്മേൽ വി.സി.03/2022/ റ്റി.വി.എം. നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വിജിലൻസ് ഡയറക്ടർ പ്രഥമ വിവര റിപ്പോർട്ടും സ്പെഷ്യൽ റിപ്പോർട്ടും ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ